(ഡി) വിവരം ശേഖരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ/എയ്ഡഡ് മേഖലകളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചിട്ടില്ല. നിയോജക മണ്ഡലം അടിസ്ഥാനത്തിലല്ല പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നത്. ആയതിനാൽ അൺ എയ്ഡഡ് മേഖലയിൽ പ്ലസ് ടു സ്കൂളുകൾ അനുവദിച്ച കണക്കുകൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമല്ല.

(ഇ) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിച്ചിട്ടില്ലാത്തതിനാൽ ആ അടിസ്ഥാനത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

(എഫ്) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

130 (2071) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കുകയും ഡി.പി.ഐ. ഓഫീസിൽ നിന്നും നിർദ്ദേശിച്ച പ്രകാരം പ്ലാനും എസ്റ്റിമേറ്റും 3-6-2002-ൽ ഡി.പി.ഐ. ഓഫീസിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ ;

(ബി) ഡി.പി.ഐ. ഓഫീസിലെ ഡബ്ലിയു. 1/60547/8-7-2001 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്ലാനും എസ്റ്റിമേറ്റും 8-7-2002-ന് വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിരുന്നു.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ബഡ്ജറ്റിൽ ഈ ആവശ്യത്തിന് വേണ്ടത്ര തുക വകകൊള്ളിച്ചിട്ടില്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ നിർവ്വാഹമില്ലാത്തത്.

മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് മാറ്റം പ്രാബല്യത്തിൽ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ

131 (2072) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് "സി.പി. നാരായണൻ സ്മാരക ഹയർ സെക്കന്ററി സ്കൂൾ" എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവായത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പേര് മാറ്റം ട്രഷറി രേഖകളിലും അക്കൗണ്ടന്റ് ജനറൽ ഓഫീസ് രേഖകളിലും കൂടി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടില്ല എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ട്രഷറി രേഖകളിലും അക്കൗണ്ടന്റ് ജനറൽ ഓഫീസ് രേഖകളിലും പ്രസ്തുത മാറ്റം പ്രാബല്യത്തിൽ വരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇത് സംബന്ധിച്ച ഉത്തരവുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിലുള്ള പേര് മാറ്റം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ആലപ്പുഴ ഇടക്കുന്നം ഗവൺമെന്റ് യു.പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് നടപടി

132 (2073) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽപ്പെട്ട നൂറനാട് പഞ്ചായത്തിലെ ഇടക്കുന്നം ഗവൺമെന്റ് യു.പി. സ്കൂൾ ടെക്നിക്കൽ ഹൈസ്കൂളായി ഉയർത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിന് മുന്നിലുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഈ പ്രദേശത്തെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് അടിയന്തിരമായി ടെക്നിക്കൽ ഹൈസ്കൂൾ ഇവിടെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നല്ല നിലയിൽ പ്രവർത്തിക്കുന്ന ഇടക്കുന്നം യു.പി. സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ നിർദ്ദേശം ഒന്നുംതന്നെ ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) സർക്കാർ പ്രൈമറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സർവശിക്ഷാ അഭിയാൻ മുഖാന്തിരമാണ്. സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ മുഖേനയാണ് എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത്. പതിനൊന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ഈ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് തുക അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly